भारतीय गैर न्यायिक

एक सौ रुपये **Rs. 100**

रु. 100 ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

CL 735720

2020 രണ്ടായിരത്തി ഇരുപത് ആണ്ട് നവംബർ മാസം 02 രണ്ട് നുക്ക് 1196 തുലാം 17 പതിനേഴാം തിയ്യതി

സുൽത്താൻ ബത്തേരി താലൂക്ക് നെന്മേനി അംശം ദേശത്ത് നെന്മേനി പഞ്ചായത്തിൽ മലങ്കര താമസിക്കും പി. ഒ. നെന്മേനി , പിൻ 673 592 യു. എ. അബ്ദുമനാഫ് എന്നവരുടെ മകൾ സ്വസ്ഥം 19 വയസ് ( ആധാർ കാർഡ് നമ്പർ 9367 6745 9098 ) **അമാൻസ് ഹൗസ് തഹ്സീന** ഇതിലെ 1ാം പാർട്ടിയായും

1. Thahzeena Thahzeena

2. RANJITH M.R [signature]

No: 12428 Value ₹: 100 രൂ
Date: 30.10.2020
Issued to: മരുതോലിൽ രഞ്ജിത്ത് എം. ആർ. ബത്തേരി
M.P. HUSSAIN Stamp Vendor
Sulthan Bathery

SUB TREASURY ... S. BATHERY
23 OCT 2020

भारतीय गैर न्यायिक

एक सौ रुपये Rs. 100

रु. 100 ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

CL 735721

കേരളം केरल KERALA

2.

സുൽത്താൻ ബത്തേരി താലൂക്ക് സുൽത്താൻ ബത്തേരി അംശം ദേശത്ത് സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിൽ ഫെയർലാൻ്റ് കോളനിയിൽ താമസിക്കും പി. ഒ. സുൽത്താൻ ബത്തേരി, പിൻ 673 592 രാജൻ എം. എം. എന്നവരുടെ മകൻ ബിസിനസ് 37 വയസ് ( ആധാർ കാർഡ് നമ്പർ 6620 9717 5032 ) **മരുതോലിൽ രഞ്ജിത്ത് എം. ആർ** ഇതിലെ 2ാം പാർട്ടിയായും ഒത്തെഴുതിയ ലൈസൻസ് എഗ്രിമെൻ്റ്.

1. Thahzeena Thahzeena

2. RANJITH.M.R

No: 12429 Value ₹ 100 രൂപ.
Date: 30.10.2020
Issued to: മരുതോലിൽ രഞ്ജിത്ത് ബത്തേരി
M.P. HUSSAIN, Stamp Vendor

SUB TREASURY BATHERY
23 OCT 2020
S BATHERY

ഇതിലെ 1ാം പാർട്ടിയുടെ സ്വന്തവും, 1ാം പാർട്ടിയുടെ പേരിൽ പട്ടയാവകാശമായതും സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിൽ ദൊട്ടപ്പംകുളം എന്നസ്ഥലത്ത് സ്ഥിതി ചെയ്യുന്നതുമായ ബിൽഡിംഗിലെ ഫസ്റ്റ് ഫ്ലോറിലെ **SBM 29 / 23 C9** നമ്പ്രായുള്ള മുറി ഇതിലെ 1ാം പാർട്ടി കൈവശം വെച്ചും അടക്കി അനുഭവിച്ചു വരുന്നതുമാകുന്നു. എന്നാൽ ഇതിലെ 2ാം പാർട്ടിക്ക് മേൽ നമ്പ്ര് മുറി **" Global Safari Holidays "** എന്ന സ്ഥാപനം നടത്തി വരുന്നതിനു വേണ്ടി മാത്രം താഴെ പറയുന്ന നിശ്ചയങ്ങൾക്കും നിബന്ധനകൾക്കും അനുസൃതമായി ഒരു ലൈസൻസി എന്ന നിലയിൽ പ്രവേശിച്ചുപയോഗിക്കുവാൻ നിശ്ചയിക്കുകയും ആയത് നമ്മൾ അന്യോന്യം സമ്മതിക്കുകയും ചെയ്തിരിക്കുന്നു.

**<u>നിശ്ചയങ്ങളും നിബന്ധനകളും</u>**

1. ഈ കരാർ പ്രകാരമുള്ള അവകാശം ഒരു സിംബിൾ ലൈസൻസ് അവകാശമാണ്.

2. ഈ കരാർ പ്രകാരമുള്ള ലൈസൻസ് അവകാശം കുടിയാന്മ, കൈവശം പണയം തുടങ്ങിയ ഏല്പനകളാണന്ന് അവകാശമുന്നയിക്കാൻ ഇതിലെ 2ാം പാർട്ടിക്ക് യാതൊരുവിധ അർഹതയോ അവകാശമോ ഇല്ല.

3. ഈ ലൈസൻസ് **01. 11. 2020 ാം** തിയ്യതി മുതൽ കൃത്യം 11 പതിനൊന്ന് മാസകാലത്തേക്ക് മാത്രമാണ്.

4. നിയമ പ്രകാരമുള്ള ലൈസൻസ്, പെർമിറ്റ്, മുതലായവ വാങ്ങി മാത്രമേ 2ാം പാർട്ടി മേൽ നമ്പ്ര മുറിയിൽ ബിസിനസ്സ് നടത്താൻ പാടുള്ളു.

1. Thahzeena Thahzeena

2. RANJITH.M.R

5. ഈ വാടക ശീട്ടിന്റെ കാലാവധിക്ക് മുമ്പായി 1ാം പാർട്ടിക്ക് മേൽ നമ്പ്ര് മുറി സ്വന്താവശ്യമായി വന്നാൽ ആയത് രണ്ട് മാസം മുമ്പ് 2ാം പാർട്ടിയെ വിവരം അറിയിക്കേണ്ടതും 2ാം പാർട്ടി യാതൊരു നിയമ തർക്കങ്ങളും കൂടാതെ 1ാം പാർട്ടിക്ക് മേൽ നമ്പ്ര് മുറി ഒഴിഞ്ഞ് കൊടുക്കേണ്ടതുമാകുന്നു.

6. മേൽ പറഞ്ഞ പ്രകാരമുള്ള കാലാവധി കഴിഞ്ഞാൽ മേൽ നമ്പ്ര മുറിയിൽ പ്രവേശിക്കുവാനോ ഉപയോഗിക്കുവാനോ 2ാം പാർട്ടിക്ക് യാതൊരവകാശവുമില്ല.

7. 2ാം പാർട്ടി മേൽ നമ്പ്ര മുറിയിൽ പ്രവേശിച്ച് ഉപയോഗിച്ചു വരുന്നതിന് മാസം ഒന്നുക്ക് **6,500/- ആറായിരത്തി അഞ്ഞൂറ്** ഉറുപ്പിക മാത്രം ലൈസൻസ് ഫീയായി എല്ലാ മാസവും 1 ാം പാർട്ടിക്ക് കൊടുത്തു കൊള്ളേണ്ടതുമാണ്.

8. ലൈസൻസ് ഫീ തുടർച്ചയായി ബാക്കി വെച്ചാലോ മേൽ പറഞ്ഞ നിശ്ചയങ്ങൾക്കും നിബന്ധനകൾക്കും അനുസരിച്ച് പ്രവർത്തിക്കാൻ 2ാം പാർട്ടി വീഴ്ച ചെയ്താലോ അതോടെ ഈ ലൈസൻസ് അവകാശം നോട്ടീസ് കൂടാതെ തന്നെ റദ്ദാവുന്നതും അതിൽ പിന്നീട് മേൽ നമ്പ്ര് മുറിയിൽ പ്രവേശിക്കുവാനോ ഉപയോഗിക്കുവാനോ 2ാം പാർട്ടിക്കവകാശമില്ല.

9. ലൈസൻസ് അവകാശം അവസാനിക്കുകയോ റദ്ദാവുകയോ ചെയ്തെങ്കിൽ പിന്നീട് 2ാം പാർട്ടി മേൽ നമ്പ്ര് മുറിയിൽ പ്രവേശിക്കുന്നതിന് നിഷേധിക്കാനും തടസ്സപ്പെടുത്തുവാനും 1ാം പാർട്ടിക്കവകാശമുണ്ട്.

10. എന്നാൽ ഇതിലെ 2ാം പാർട്ടിക്ക് തുടർന്നും മേൽ നമ്പ്ര മുറി ആവശ്യമായി വന്നാൽ അന്ന് ഇരു പാർട്ടികളും ചേർന്ന് പുതുക്കി നിശ്ചയിക്കുന്ന വ്യവസ്ഥകൾ പ്രകാരം പുതിയ കരാറിൽ ഏർപ്പെടാവുന്നതുമാണ്.

1. Thahzeena Thahzeena

2. RANJITH M.R [signature]

11. ഈ ലൈസൻസ് അവകാശം ഏതെങ്കിലും വിധത്തിൽ കൈമാറുവാനോ, കടപ്പെടുത്തുവാനോ, കീഴ്കൂലിക്കേൽപ്പിച്ച് മേൽ നമ്പ്ര് മുറി മറ്റാരെയെങ്കിലും ഏൽപ്പിക്കുവാനോ 2ാം പാർട്ടിക്ക് യാതൊരവകാശവുമില്ല.

12. മേൽ നമ്പ്ര് മുറി 2ാം പാർട്ടി യാതൊരു വിധ കേടു പാടുകളും തട്ടാതെയും വൃത്തിയായി സൂക്ഷിക്കേണ്ടതുമാണ് . മേൽ നമ്പ്ര് മുറി ഭേദഗതികളോ റിപ്പയറുകളോ നടത്തുവാൻ 2ാം പാർട്ടിക്കവകാശമില്ല.

13. മേൽ നമ്പ്ര് മുറി മേൽ പറഞ്ഞ കാലാവധിക്കുള്ളിൽ 2ാം പാർട്ടി തന്റെ വീഴ്ചയിൽ എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ അതിനുള്ള നഷ്ടം കണക്കാക്കി പലിശ സഹിതം നിയമാനുസരണം വസൂലാക്കി കിട്ടുവാൻ 1ാം പാർട്ടിക്കവകാശമുണ്ട്.

14. 2ാം പാർട്ടി ഉപയോഗിക്കുന്ന വൈദ്യുതി ചാർജ് അടക്കുവാനുള്ള ബാദ്ധ്യതയും ഉത്തരവാദിത്വവും 2ാം പാർട്ടിക്കുണ്ട്. 2ാം പാർട്ടിയുടെ വീഴ്ച മൂലം വൈദ്യുതി ചാർജ് 1ാം പാർട്ടി അടക്കേണ്ടി വന്നാൽ അങ്ങിനെ അടക്കുന്ന സംഖ്യ പലിശ സഹിതം 2ാം പാർട്ടിയിൽ നിന്നും വസൂലാക്കി കിട്ടുവാൻ 1ാം പാർട്ടിക്കവകാശമുണ്ട്.

15. 2ാം പാർട്ടി മേൽ നമ്പ്ര് മുറി " **Global Safari Holidays** " എന്ന ആവശ്യത്തിനല്ലാതെ മറ്റ് യാതൊരു കാര്യത്തിനും ഉപയോഗപ്പെടുത്തുവാൻ പാടില്ല.

16. മേൽ നമ്പ്ര മുറിയിൽ ലഹരി സാധനങ്ങളോ, സ്ഫോടക വസ്തുക്കളോ മറ്റോ സൂക്ഷിക്കുവാനോ, അനാശാസ്യപ്രവർത്തികളോ, നിയമ വിരുദ്ധമായ എന്തെങ്കിലും പ്രവർത്തികൾ ചെയ്യുവാനോ, 2ാം പാർട്ടിക്കവകാശമില്ല.

1. Thahzeena Thahzeena

2. RANJITH.M.R.

17. കാലാവധിക്ക് ശേഷം മേൽ നമ്പ്ര മുറി 2ാം പാർട്ടിക്ക് തന്നെ ആവശ്യമായി വരികയാണങ്കിൽ 1ാം പാർട്ടിക്ക് സമ്മതമാണങ്കിൽ മാത്രം ഈ എഗ്രിമെന്റ് അന്നത്തെ നിയമങ്ങൾക്കും നിശ്ചയങ്ങൾക്കും വിധേയമായി ഒരു വർഷത്തിന് ശേഷം നിലവിലുള്ള വാടകയുടെ **7%** വാടക വർദ്ധിപ്പിച്ച് ഈ ലൈസൻസ് എഗ്രിമെന്റ് പുതുക്കി നിന്നു കൊള്ളേണ്ടതുമാണ്.

18. മേൽ നമ്പർ മുറിയുടെ വാടകയുടെയും മറ്റും ഉറപ്പിലേക്കായി മുൻ എഗ്രിമെന്റ് പ്രകാരം ഇതിലെ 1ാം പാർട്ടിയുടെ പിതാവ് വാങ്ങിയ അഡ്വാൻസ് തുകയായ **2,50,000 രണ്ട് ലക്ഷത്തി അമ്പതിനായിരം** ഉറുപ്പിക ഇതിലെ 1ാം പാർട്ടി ഈ കരാർ വ്യവസ്ഥക്ക് വിധേയമായിട്ടുള്ളതും ആയത് മേൽ നമ്പ്ര് മുറി 2ാം പാർട്ടി 1ാം പാർട്ടിക്ക് യാതൊരു വിധ വാടക കുടിശ്ശികളോ മറ്റ് ബാദ്ധ്യതകളോ യാതൊരു വിധ നാശനഷ്ടങ്ങളോ ഇല്ലാതെ ഒഴിഞ്ഞു കൊടുക്കുമ്പോൾ മേൽ അഡ്വാൻസ് സംഖ്യയായ 2,50,000 ഉറുപ്പിക യാതൊരു വിധ പലിശയുമില്ലാതെ 1ാം പാർട്ടി 2ാം പാർട്ടിക്ക് തിരികെ നൽകേണ്ടതുമാണ്.

മേൽ പറഞ്ഞ കാര്യങ്ങളെല്ലാം സ്വന്തമായി വായിച്ച് മനസ്സിലാക്കിയ ശേഷം മേൽ എഴുതിയ തിയ്യതിക്ക് താഴെ പേരെഴുതി ഒപ്പിടുന്ന സാക്ഷികൾ മുമ്പാകെ നമ്മൾ പൂർണ്ണമനസ്സാലെ ഈ എഗ്രിമെന്റിൽ ഒപ്പിട്ടിരിക്കുന്നു.

സാക്ഷികൾ

1. LENISH. [signature]

2. Muhammed [signature]

1. Thahzeena Thahzeenam

2. RANJITH.M.R. [signature]